

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പേരാവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/
സി.4/1898/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/12/2025
ഇ-മെയിൽ:
doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/
സി.4/1898/25

തീയ്യതി: 15/12/2025

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2024 മുതൽ 05-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-11-2025 മുതൽ 15-11-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ

വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുരേശൻ. പി.വി	ഡെപ്യൂട്ടി ഡയറക്ടർ	06-11-2025	15-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-11-2025	15-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ആൽബർട്ട് ജോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷിജില വി.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിജില ടി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പി.പി. വേണുഗോപാലൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ബാബു തോമസ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സിനി. പി.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025

ശ്രീ. മാർട്ടിൻ ചാൾസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	11-09-2024
ശ്രീ. സാജു. പി, ഓവർസിയർ ഗ്രേഡ്-1	അസിസ്റ്റന്റ് എഞ്ചിനീയർ-ഇൻ-ചാർജ്ജ്	12-09-2024	03-01-2025
ശ്രീമതി. ലിൻഷ. പി	അസിസ്റ്റന്റ് എഞ്ചിനീയർ (അഡിഷനൽ ചാർജ്ജ്)	04-01-2025	21-01-2025
ശ്രീ. സുഭാഷ് ചന്ദ്രൻ	അസിസ്റ്റന്റ് എഞ്ചിനീയർ	22-01-2025	31-03-2025
ശ്രീമതി. സാന്ദ്ര. എം.എം	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ. മുജീബ്. വി.വി	വി.ഇ.ഒ, മണത്തണ സർക്കിൾ	01-04-2024	31-03-2025
ശ്രീമതി. മഞ്ജുഷ. എൻ	വി.ഇ.ഒ, വെള്ളാർവള്ളി സർക്കിൾ	01-04-2024	19-06-2024
ശ്രീ. മുജീബ്. വി.വി	വി.ഇ.ഒ, വെള്ളാർവള്ളി സർക്കിൾ (അഡിഷനൽ ചാർജ്ജ്)	20-06-2024	07-08-2024
ശ്രീമതി. മഞ്ജുഷ. എൻ	വി.ഇ.ഒ, വെള്ളാർവള്ളി സർക്കിൾ	08-08-2024	07-09-2024
ശ്രീ. മുജീബ്. വി.വി	വി.ഇ.ഒ, വെള്ളാർവള്ളി സർക്കിൾ (അഡിഷനൽ ചാർജ്ജ്)	08-09-2024	31-03-2025
ഡോ. സന്തോഷ് കുമാർ. ടി.വി	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2024	06-07-2024

ഡോ. സലീം. പി.വി	മെഡിക്കൽ ഓഫീസർ, ആയൂർവേദം	07-07-2024	31-03-2025
ഡോ. സുധീര. എ.പി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ഡോ. പി.ആർ. സിന്ധു	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി. ആശ. എം.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീ.ശങ്കരൻ നമ്പൂതിരി	ഹെഡ് മാസ്റ്റർ	01-04-2024	31-08-2024
ശ്രീമതി. ശ്രീജ. എം, എൽ.പി.എസ്.എ	ഹെഡ് മാസ്റ്റർ-ഇൻ-ചാർജ്ജ്	01-09-2024	31-10-2024
ശ്രീ. ഗിരീഷ് ബാബു. കെ.ആർ	ഹെഡ് മാസ്റ്റർ	01-11-2024	31-03-2025
ശ്രീ. രജീഷ്. ടി.കെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	04-11-2024
ശ്രീമതി. സംഗീത	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	05-11-2024	31-03-2025
ഡോ. അശ്വിൻ എച്ച്	സൂപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി	01-04-2024	09-07-2024
ഡോ. സഹിന	സൂപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി	10-07-2024	31-03-2025
ശ്രീമതി അനുശ്രീ കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	15-08-2024
ശ്രീമതി അനുശ്രീ കെ	ഡയറി എക്സ്റ്റൻഷൻ	16-08-2024	31-03-2025

	ഓഫീസർ		

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ച തുകകണക്കാക്കിയതിലെ അപാകം	1-1-1
3	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ "Net Decrease In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും "Net Cash Generated By Operating + Investing + Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-3
5	B-17, B-4 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-4
6	കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.	1-1-5
7	ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.	1-1-6
8	ബി4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ബാധ്യതയായി നിലനിർത്തുന്നു.	1-1-7
9	ദുരിതാശ്വാസ നിധി ബി2ബി17 ഷെഡ്യൂളുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-8
10	Capital Work In Progress എന്ന ശീർഷകത്തിൽ തൻവർഷം പ്രവൃത്തികളുടെ പാർട്ട് ബിൽ നൽകിയ തുക ഉൾപ്പെടുത്തിയിട്ടില്ല.	1-1-9
11	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.	1-1-10
12	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ-വരവ് ചെലവ് നീക്കിയിരിപ്പ് സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.	1-1-11
13	വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല.	1-1-12
14	ബജറ്റ്	1-2

15	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
16	ഫണ്ട് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	തൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് പരിശോധന	1-8
21	ആഭ്യന്തരനിയന്ത്രണം	1-9
22	ഗ്രാമസഭ	1-10
23	തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ വർഷങ്ങളോളം സൂക്ഷിച്ചു-പഞ്ചായത്തിന് വരുമാന നഷ്ടം	1-11
24	വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.	1-12
25	തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ - 7700 വരവ് നഷ്ടം	1-13
26	തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം - വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണ്.	1-14
27	എഫ്.ടി.ഇ. & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - തുടർനടപടി സ്വീകരിക്കേണ്ടതാണ്.	1-15
28	വിനോദ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ.	1-16
29	ഐ.കെ.എം വിഹിതം അടവാക്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.₹80,000 തടസ്സപ്പെടുത്തുന്നു.	1-17
30	എസ് എസ് എ വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18
31	തെരുവ് വിളക്ക് റിപ്പയർ-പ്രോജക്ട് നടത്തിപ്പ് അപാകങ്ങൾ ₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-19
32	കാരുണ്യം പെയിൻ & പാലിയേറ്റിവ് ഹോം കെയർ - മരുന്ന് ലഭ്യമായിട്ടില്ല - ₹ 56,252 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20

33	ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ - ₹ 66,443 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-21
34	ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-₹2,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-22
35	സംയോജിത കൃഷി പദ്ധതി-പ്രോജക്ട് നടത്തിപ്പ് അപാകങ്ങൾ ₹55,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
36	കറവ പശുവിനെ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകം	1-24
37	ലൈഫ് ഭവന പദ്ധതി -മുൻകൂർ കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.	1-25
38	വാഹന ഉപയോഗം സംബന്ധിച്ച വിവരങ്ങൾ VEELS സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യുന്നില്ല	1-26
39	മരാമത്ത് പ്രവർത്തികൾ - മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്	1-27
40	ജലജീവൻ മിഷൻ പദ്ധതി - പഞ്ചായത്ത് തല അവലോകനം	1-28
41	ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം	1-29
ഭാഗം 2		
1	തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകം - 7700 രൂപ വരവ് നഷ്ടം	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6

7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്	
4	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ച
(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3,
ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏ
എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും
നിർദ്ദേശങ്ങളും അനുസരിച്ച് പേരാവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03-
139/2025 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 08-07-2025 , തീയതിയിൽ, പിന
ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ
ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്,
എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള
ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്ത
അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്ക
കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽ
പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓ
മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യ
നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തു
തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്ന
ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാന
മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ
വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത്
ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സു
എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത
അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭി
ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണ
അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമാ
ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണ
അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷ
വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വി
പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സ
പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ
സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,

15.12.2025.

ഡെപ്യൂട്ടി
കേരള സംസ്ഥാന ഓഡ
ജില്ലാ ഓഡിറ്റ് കാര്യാ

1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ച തുകകണക്കാക്കിയതിലെ അപാകം

ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മന്റിൽ രേഖപ്പെടുത്തിയ മിച്ചതുക യഥാർത്ഥ മിച്ചതുക (₹1921631)യുമായി പൊരുത്തപ്പെടുന്നില്ല. Income And Expend പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		₹188146544
ആകെ ചെലവ് (B)		₹183847203
മിച്ചം തുക C= A-B		4299341
Prior Period Income -I-19	124720	
Prior Period Expenditure I-18	2502430	
Net Difference Between Prior Period Income And Expenses I-19-I-18 (D)		-2377710
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D		1921631

1-1-2 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വ ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(I) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അന വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല. ചട്ടം 62 (ഇ) പ്രകാരമു അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ട വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(Ii) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3 വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ രേഖപ്പെടുത്തിയിട്ടില്ല.
(IIi) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾ ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും "Net C Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Ca
Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1664129 യാണ്. എന്നാ
പത്രികയിൽ 2024-25കാലയളവിൽ "Net Cash Generated By Operating + Investing + Finan
ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-1169396 യാണ്. അംഗീകരിക്കപ്പെട്ട അ
സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാ
പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-4 B-17, B-4 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന

കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീ
തുകയും (6015591) B-4 ഷെഡ്യൂൾ പ്രകാരമുള്ള ചെലവഴിക്കാൻ അവശേ
തുകയും(6023001) പൊരുത്തപ്പെടുന്നില്ല.

1-1-5 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല.

സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃ
തത്തുല്യമായ തുക Capital Contribution (ബാലൻസ് ഷീറ്റ് ബി.3) ശീർഷക
മാറ്റിയിട്ടില്ല.

1-1-6 ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സ
മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-1-7 ബി4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിത ജില്ലാ പഞ്ചായത്ത് വിഹിതം ബാധ്യതയായി നിലനിർത്തു

ബി4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത്
ചെലവഴിക്കാതെ ബാധ്യതയായി നിലനിർത്തിയ തുകകൾ ക്രമീകരിക്കാത
കാരണം വിശദീകരിച്ചിട്ടില്ല.

1-1-8 ദുരിതാശ്വാസ നിധി ബി2ബി17 ഷെഡ്യൂളുകളിലെ തു തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി ഇനത്തിൽ ബി-2 (₹61674), ബി-17 (₹56829) ഷെഡ്യ
രേഖപ്പെടുത്തിയിട്ടുള്ള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-9 Capital Work In Progress എന്ന ശീർഷകത്തിൽ തൻവർഷ പ്രവൃത്തികളുടെ പാർട്ട് ബിൽ നൽകിയ തുക ഉൾപ്പെടുത്തിയിട്ടില്ല.

B-11(B) ഷെഡ്യൂളിൽ Capital Work In Progress എന്ന ശീർഷകത്തിൽ കഴിഞ്ഞ
അതേ തുക (₹63000) തന്നെയാണ് ഈ വർഷവും കാണിച്ചിട്ടുള്ളത്. അ
വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2024-25 വർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷ
ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രുവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 2025 മാർച്ച് മാസം അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാന വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അ രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചാ അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായ 25വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-11 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ-വരവ് ചെല നീക്കിയിരിപ്പ് സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല

വിവിധ ഉദ്ദേശ്യ ഗ്രാന്റുകളായി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് തുകക ചെലവ് വിശദാംശങ്ങൾ നിരീക്ഷിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ ഇനങ്ങളുടെയും വരവ് ചെലവ് നീ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-12 വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധ നടത്തി പൊരുത്തപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരി വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന പൊരുത്തപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ പരിശോധന നടത്തിയിട്ടില്ല.

1-2 ബജറ്റ്

പേരാവൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജ തീയതിയിലെ 46/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22-03-2025 (1)നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊട

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	18910547	28928924
വരവ്	483728214	387054414
ആകെ	502638761	415983338
ചെലവ്	491978223	389804025
നീക്കിയിരിപ്പ്	10660538	26179313

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രക

മുന്നിരിപ്പ്	32335159
വരവ്	55818860
ആകെ	88154019
ചെലവ്	54154731
നീക്കിയിരിപ്പ്	33999288
വരവിനങ്ങളിലെ നഷ്ടം	7700
ചെലവിനങ്ങളിലെ നഷ്ടം	0`
തടസ്സപ്പെടുത്തിയ തുക	1107695

വികസന ഫണ്ട്, സംരക്ഷണ ഫണ്ട്, സാമൂഹ്യ സുരക്ഷാ പെൻഷൻ, മഹാ
ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ പ്രധാന വരവ് ചെലവ് ഇന
&പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ടു തന്നെ മേൽ
പരാമർശിച്ച വരവു ചെലവുകൾ പൂർണ്ണമല്ല.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കിയിരിപ്പ്
വികസന ഫണ്ട് ജനറൽ (ജി.ഒ പ്രൊജക്ട് ഉൾപ്പെടെ)	0	19743000	19743000	19742873	127
വികസന ഫണ്ട് എസ്.സി.പി (ജി.ഒ പ്രൊജക്ട് ഉൾപ്പെടെ)	0	916000	916000	916000	0
വികസന ഫണ്ട് ടിഎസ് പി (ജി.ഒ പ്രൊജക്ട് ഉൾപ്പെടെ)	0	3242000	3242000	2557034	684966
മെയിന്റനൻസ് റോഡ്	0	16860000	16860000	13741686	3118314
മെയിന്റനൻസ് നോൺ റോഡ്	0	3714000	3714000	3442108	271892
സെൻട്രൽ ഫിനാൻസ്	1157125	3505302	4662427	3096233	1566194

കമ്മീഷൻ ഗ്രാന്റ് (ബേസിക്)					
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	2432503	7441000	4884503	5416696	4456807
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമെൻസ് ഗ്രാന്റ്)	0	1198915	1198915	1009067	189848
ഐസിഡിഎസ്	1376701	2415158	3791859	989554	2802305
ടി എസ് സി	1500204	66324	1566528	0	1566528
സാക്ഷരത	128559	5142	133701	0	133701
വിമുക്തി	3228	0	3228	0	3228
ലോക്കൽ ഏരിയ ഡെവലപ്മെന്റ് ഫണ്ട് ഫോർ എം പി	11532	585823	597355	584753	12602
ജില്ലാ പഞ്ചായത്ത് വിഹിതം	250000	0	250000	0	250000
ജില്ലാ പഞ്ചായത്ത് വിഹിതം (റവന്യൂ)	546822	0	546822	0	546822
ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ)	797406	0	797406	0	797406
ശുചിത്വം	220030	0	220030	0	220030
സ്വച്ച് ഭാരത് അഭിയാൻ	0	197869	197869	197869	0
ഫണ്ട് ഫോർ ട്രാൻസ്ഫോർഡ് ഇൻസ്റ്റിറ്റ്യൂഷൻ -സോഷ്യൽ ജസ്റ്റിസ്	8400	0	8400	0	8400
ഹെൽത്ത് ഗ്രാന്റ് -വെൽനസ്സ് സെന്റർ	365594	595264	960858	347105	613753
ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക്ക്	517081	376573	893654	503690	389964

ഇൻഫ്രാ സ്ട്രക്ച്ചർ					
സ്പെസിഫിക്ക് പർപ്പസ് - Other Government Agencies	244931	0	244931	0	244931
അവാർഡ് & ഹോണർ- സെൻട്രൽ ഗവൺമെന്റ്	425000	0	425000	0	425000
റൂറൽ ഹൗസിങ്	900000	1400000	2300000	5000	2295000

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
260	113882106	182	64978888	49	78	133	51.15

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ശതമാനം
കൃഷി ഓഫീസർ	14	12	2499397	2005387	80.23
വെറ്റിനറി സർജ്ജൻ	7	5	4865500	1504775	30.93
മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	14	10	3576908	2296873	64.21
മെഡിക്കൽ ഓഫീസർ, ഹോമിയോ	6	4	453209	344994	76.12
മെഡിക്കൽ ഓഫീസർ, ആയുർവേദം	6	6	771739	756614	98.04

ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1	0	53000	0	0
വി.ഇ.ഒ	18	15	34009067	13723106	40.35
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	15	9	6012826	5031934	83.69
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	3200000	2139140	66.85
സെക്രട്ടറി	44	24	12885159	6278996	48.73
ഹെഡ് മാസ്റ്റർ	9	8	825000	556660	67.47
അസിസ്റ്റന്റ് എഞ്ചിനീയർ	119	82	43687301	29311428	67.09
അസിസ്റ്റന്റ് സെക്രട്ടറി	5	5	1043000	1028981	98.66
ആകെ	260	182	113882106	64978888	57.05

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്*	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	0	2245748	2245748	2245748	0
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	40838270	40838270	40838270	0
ആകെ	0	43084018	43084018	43084018	0

* ക്യാഷ് ബുക്ക് പ്രകാരമുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദ
താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെപേര്	ചെലവഴിച്ചതുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	3941600	254
വിധവാപെൻഷൻ	13437100	890
വാർദ്ധക്യകാലപെൻഷൻ	33075900	2341
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	5299200	333
50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1579200	100

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	60000	2

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 12-11-2025 തീയതിയിൽ 2.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2734 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ സെക്ഷ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരു നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ഓഫ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നി നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്ക പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരു പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാക ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം ചെയ്തിട്ടുണ്ട്. എന്നാൽ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച സംഭവിച്ചിട്ടുണ്ട്. കറന്റ് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പുണ്ടായ ആയത് യഥാസമയം പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാ അക്കൗണ്ടിൽ നിലനിർത്തിയതിനാൽ പലിശ ഇനത്തിൽ വൻ തുക ഗ്രാമപഞ്ച നഷ്ടമുണ്ടായിട്ടുണ്ട്. നേരത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിഷയം പരാമ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെന്നത് ആഭ്യന്തര സംവിധാനത്തിന്റെ പോരായ്മയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഗ്രാമപഞ്ച വിവിധ വാർഡുകളിൽ 2024-25 വർഷം 2 തവണയാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. 2024-25 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്ക സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2023-24 പദ്ധതി അവലോകനം, മാലിന്യമുക്ത നവകേരളം, 2025-26 വാർഷിക രൂപീകരണം, തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർ തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ വർഷങ്ങളോ സൂക്ഷിച്ചു-പഞ്ചായത്തിന് വരുമാന നഷ്ടം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പേരാവൂർ ബ്രാഞ്ചിൽ ഇ-പേമെന്റിനായി സെ
പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം.42182346211) 31.03.202
രൂപ നീക്കിയിരിപ്പുണ്ട്. തുക പലിശരഹിത അക്കൗണ്ടിൽ തുടരുന്ന സാഹ
ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് 2023-24 വർഷത്തെ
റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. നാളിതുവരെ പ്രസ്തുത തുക ഗ്രാമപഞ്ചാ
തനത് ഫണ്ടിലേക്ക് മാറ്റുകയോ, ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റു
നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ടു നൽകി
അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ തുക മാറ്റുവാനുള്ള
സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്രയും വലിയ തുക വർഷങ്ങളാ
രഹിത അക്കൗണ്ടിൽ സൂക്ഷിച്ചതു മൂലം പഞ്ചായത്തിന് പലിശ ഇനത്തിൽ
തുക വരുമാന നഷ്ടത്തിന് ഇടയായിട്ടുണ്ട്. ഈ തുക എത്രയും വേഗം സേവ
അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്കൂടാ
നടപടിക്രമമൂലം തനത് വരുമാനത്തിൽ വന്ന നഷ്ടം ഉത്തരവാദിയായവരി
ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി
ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയി
പുറപ്പെടുവിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശം പ്രകാരം കെട്ടിടങ്ങളുടെ
വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്വെയറിൽ ചേർക്കേ
വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ
പുനർനിർണ്ണയിക്കേണ്ടതുമാണ്. ഇതിനാവശ്യമായ പരിശോധനകൾ എത്ര
പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ഫീ
പരിശോധനക്ക് ആവശ്യത്തിന് ജീവനക്കാരെ ലഭിക്കാത്തതിനാൽ പേരാ
പഞ്ചായത്തിൽ വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല. 9 ബി ഫോ
എണ്ണം ലഭിച്ചിട്ടുണ്ടെങ്കിലും നികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല. വസ്
പരിഷ്കരണ നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ - വരവ് നഷ്ടം

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം തൊഴിൽനികുതി ഈടാക്കിയതുമായി
താഴെ പറയുന്ന അപാകങ്ങളുണ്ട്.
1)ആറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ
പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും തൊഴിൽനികുതി
പരിഷ്കരിച്ച് ഉത്തരവ് (സ.ഉ (സാധാ) നം 1149/2024/തസ്വഭവ തീയതി
പുറപ്പെടുവിച്ചിട്ടുണ്ട്. പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾ 20
അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ ഒന്നു മുതൽ
ഉണ്ടായിരിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാ
പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം
സ്ലാബ് പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സ്ഥാപനം	ജീവനക്കാരുടെ പേര്	ആകെ അർദ്ധ വാർഷിക	2ാം അർദ്ധ വർഷം ഈടാക്കിയ	2ാം അർദ്ധ വർഷം	വ്യത്യാസ

		വരുമാനം ₹	തൊഴിൽ നികുതി, രശീതി നം./ തീയതി	ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി	
താലൂക്ക് ആശുപത്രി, പേരാവൂർ	റിൻഷ	72000	₹600 1240601687/ 25.03.2025	₹750	₹150
	സൂര്യ ശാന്തി.കെ.പി	72000	₹600 1240601687/ 25.03.2025	₹750	₹150
ഫെഡറൽ ബാങ്ക്	സന്ധ്യ.വി.ആർ	62926	₹600 1240705530/ 27.02.2025	₹750	₹150
നീതി ബിൽഡിംഗ് മെറ്റീരിയൽസ് & ഹോം അപ്ലയൻസസ്	ശിൽപ.എം	60000	₹600 1240706637/ 21.03.2025	₹750	₹150
വെള്ളാർവള്ളി പോസ്റ്റ് ഓഫീസ്	ബിജിഷ.എൻപി	62583	₹600 1240705517/ 27.02.2025	₹750	₹150
സൗഭാഗ്യ ന്യൂട്രിമിക്സ് യൂണിറ്റ്	നിർമ്മല അനീഷ്	18000	₹180 1240705582/ 28.02.2025	₹450	₹270
	സാലി ബിജു	18000	₹180 1240705582/ 28.02.2025	₹450	₹270
	ഷീജ ജോബി	18000	₹180 1240705582/ 28.02.2025	₹450	₹270
	ത്രേസ്യാമ്മ വിൽസൺ	18000	₹180 1240705582/ 28.02.2025	₹450	₹270
	ലീലാമ്മ തോമസ്	18000	₹180 1240705582/ 28.02.2025	₹450	₹270
വെഡ് ഫോഗ് ഇവന്റ് പ്ലാനേർസ്	അതുല്യ	12000	₹120 1240700330/ 10.05.2024	₹320	₹200
ദിനേശ് ഹോട്ടൽ	ചന്ദ്രൻ	72000	₹600 1240701965/ 27.09.2024	₹750	₹150
	ജോസ്	64800	₹600 1240701965/	₹750	₹150

			27.09.2024		
	സിന്ധു	59400	₹450 1240701965/ 27.09.2024	₹750	₹300
ഹോട്ടൽ രാജധാനി	കുരുവിള എം.ജെ	54450	₹450 1240600607/ 24.02.2025	₹750	₹300
	ജിതിൻ	44700	₹300 1240600607/ 24.02.2025	₹600	₹300
	രൺദീപ്	42300	₹300 1240600607/ 24.02.2025	₹600	₹300
	സുമേഷ്	42300	₹300 1240600607/ 24.02.2025	₹600	₹300
	ജനാർദ്ദനൻ.എം	42300	₹300 1240600607/ 24.02.2025	₹600	₹300
	ബാബു.പി.	42300	₹300 1240600607/ 24.02.2025	₹600	₹300
	വിനോദ് രാജ്	42300	₹300 1240600607/ 24.02.2025	₹600	₹300
	ഹരീഷ്.പി.വി	42300	₹300 1240600607/ 24.02.2025	₹600	₹300
	സജി.വി.കെ	42300	₹300 1240600607/ 24.02.2025	₹600	₹300
	അനീഷ്.കെ	42300	₹300 1240600607/ 24.02.2025	₹600	₹300
	ഷിജി	42300	₹300 1240600607/ 24.02.2025	₹600	₹300
	വത്സരാജ്	42300	₹300 1240600607/ 24.02.2025	₹600	₹300
	ബിജു	42300	₹300 1240600607/ 24.02.2025	₹600	₹300
	ശ്രീജിത്ത്.എ	42300	₹300 1240600607/ 24.02.2025	₹600	₹300

	പ്രശാന്ത്.എ	42300	₹300 1240600607/ 24.02.2025	₹600	₹300
	സുശീല	42300	₹300 1240600607/ 24.02.2025	₹600	₹300
ആകെ					₹7700

2)Steinmont Public School, Arayangad എന്ന സ്ഥാപനത്തിലെ 33 ജീവനക്കാരിൽ നിന നം. 1240705532/27.02.2025 പ്രകാരം ആകെ 19200 രൂപ രണ്ടാം അർദ്ധ വർഷ തൊഴി ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.
പ്രസ്തുത സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതുമായി അപകാങ്ങൾ താഴെ കൊടുക്കുന്നു.
എ) തൊഴിൽനികുതി റിട്ടേണിൽ 13000 രൂപ അർദ്ധവാർഷിക രേഖപ്പെടുത്തിയിട്ടുള്ള 21 ജീവനക്കാരിൽ നിന്നും 600 രൂപ വീതവും, 4 ജീവ നിന്ന് 750 രൂപ വീതവുമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ള അർദ്ധവാർഷിക വരുമാനത്തിന് വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്ക കാരണം വ്യക്തമാക്കിയിട്ടില്ല.
ബി) കൂടാതെ 12500 രൂപ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തി ജീവനക്കാരിൽ നിന്നും 450 രൂപ വീതവും തൊഴിൽനികുതി ഈടാക്കിയിട്ട (സാധാ) നം. 1149/2024/തസ്വഭവ തീയതി 27.06.2024 ഉത്തരവ് പ്രകാരം 12500, അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായിട്ടുള്ള തൊഴിൽനി രൂപയാണ്. ആയതിൽ നിന്നും വ്യത്യസ്തമായി 450,600,750 രൂപ നികുതി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കിയില്ല. (12500, 13000 എന്നിവ വരുമാനം ആയിരുന്നുവെങ്കിൽ 750 രൂപ വീതം ആയിരുന്നു ഈടാക്കേണ്ടിയിര 33 = 24750)).
3)നളന്ദ കാറ്ററിംഗ് സർവ്വീസ് എന്ന സ്ഥാപനത്തിലെ (തൊഴിൽനികുതി അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല) 3 ജീവനക്കാരിൽ നിന്നു വീതവും, 1 ജീവനക്കാരനിൽ നിന്നും 180 രൂപയുമാണ് രണ്ടാം അർ തൊഴിൽനികുതി (രശീതി നം.1240700668 / 07.06.2024) ഈടാക്കിയിട്ടുള്ളത്. മേ പ്രകാരം കുറഞ്ഞ തൊഴിൽനികുതി നിരക്ക് 320 രൂപയാണെന്നിരിക്കെ 1 നിരക്കിൽ തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയ
4) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയത് സ രേഖപ്പെടുത്തലുകൾ ഇല്ല.

ക്രമ നമ്പർ	സ്ഥാപനം
1	സുപ്രീം ദന്തൽ ക്ലിനിക്ക്
2	അപ്പോളോ മെഡിക്കൽ ലബോറട്ടറി
3	ന്യൂ മെഡിക്കൽസ്
4	രൂപ മെഡിക്കൽസ്
5	മണത്തണ ഫില്ലിംഗ് സ്റ്റേഷൻ

6	പ്രിയ ഹോട്ടൽ
7	ഗ്ലാസ്സ് പാലസ്, പേരാവൂർ
8	എന്റർപ്രൈസ് ഡവലപ്മെന്റ്, എക്സിക്യൂട്ടിവ്
9	ശോഭിത ടെക്സ്റ്റൈൽസ്
10	ആർ & ടി വെറൈറ്റി കോൺക്രീറ്റ്

മേൽ പരാമർശങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി (13/13.11.2025) നൽകി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച് മറുപടി ലഭ്യമാ തൊഴിൽനികുതി ഇനത്തിൽ കുറവ് വന്നിട്ടുള്ള മേൽ പട്ടിക പ്രകാരമുള്ള ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം - വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കേണ്ടതാണ്.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വ പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നി (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശത വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തു പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേ ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ എ തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ.എൽ.ജി.എം.എസ് എന്നിവ പരിശോ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതിയിനത്തിൽ നൽകേണ്ട അർദ്ധവർഷം തന്നെ നൽകാതിരുന്നപ്പോൾ 2 ശതമാനം നിരക്കിൽ പിഴ ഈടാ പകരം ഒരു ശതമാനം നിരക്കിൽ മാത്രമാണ് നികുതിദായകരിൽ നി ഈടാക്കിയിട്ടുള്ളത്. കൂടാതെ തദ്ദേശ സ്വയംഭരണ (എൻ) വകുപ്പിന്റെ തീയ്യതിയിലെ 51457/ എൻ 1/ തഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ തൊഴിൽ നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയ്യതി സെപ്തംബ മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒന്നാം അർദ്ധ വർഷത്തെ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക ഒക്ടോബർ മാസം മുതലാണ്.
പിഴ ഈടാക്കുന്നതിൽ കുറവ് വന്നതിന്റെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന

സ്ഥാപനത്തിന്റെ പേര്	തുക, രസീത് നമ്പർ/ തീയതി	ഈടാക്കിയ പിഴ₹	ഈടാക്കേണ്ട പിഴ₹	പിഴയിനത്തിലെ കുറവ് ₹
സബ് ട്രഷറി, പേരാവൂർ	₹11250 1240702097/	-	450	450

	05.10.2024			
ശാന്തിനികേതൻ ഇംഗ്ലീഷ് സ്കൂൾ, പേരാവൂർ	₹20900 1240702067/ 03.10.2024	209	836	627
ഇരിട്ടി പബ്ലിക് സർവ്വീസ് കോ.ഓപ്പ് സൊസൈറ്റി	₹3750 1240702145/ 10.10.2024	38	150	112
മണത്തണ സർവ്വീസ് കോ.ഓപ്പ് ബാങ്ക്	₹10500 1240702047/ 01.10.2024	105	420	315
അഹല്യ ഫിൻഫോറക്സ് ലിമിറ്റഡ്	₹2300 1240702055/ 23.10.2024	23	92	69
വി.കെ.സ്റ്റോൺക്രഷർ, വെള്ളാർവെള്ളി	₹17000 1240706665/ 22.03.2025	1020	2380	1360
രശ്മി ഹോസ്പിറ്റൽ, പേരാവൂർ	₹19500 1240703802/ 09.01.2025	585	1950	1365
ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ സെന്ററർ	₹1470 1240706582/ 20.03.2025	89	206	117
ആകെ		2069	6484	4415

പിഴ ഈടാക്കിയതിലെ കുറവ് സംബന്ധിച്ച് 14/13.11.2025 പ്രകാരം ഓഡിറ്റ് പ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി പിഴ ഈടാ കുറവ് വന്നതിന്റെ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പിഴയനിത്തിൽ കുറവ് വന്ന തുക 4415 രൂപ ഈടാ തൊഴിൽനികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിയമാനുസൃത പിഴ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-15 എഫ്.ടി.ഇ. & ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങ പ്രവർത്തിക്കുന്നു - തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ഗ്രാമപഞ്ചായത്തിലെ കണ്ണൂർ വിവര സഞ്ചയിക- സമഗ്ര സാമൂഹിക സാമ്പത്തി റിപ്പോർട്ട് 2024 പ്രകാരം, ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി 909 വാണിജ്യ സ്ഥാപനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാ ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 686 സ്ഥാപനങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ബാക്കിയുള്ള 223 സ്ഥാപനങ്ങളി ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ചും ലൈസൻസ് ഇല്ലാതെ പ്രവർ സ്ഥാപനങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതും സം

ഓഡിറ്റ് എൻകയറി (15/13.11.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ
പരിധിയിലുള്ള എഫ് ടി ഇ & ഒ എസ് ലൈസൻസ് ബാധകമായ
സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കേ
ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാ
സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും) ലൈസൻസ് ചട്ടങ്ങ
തുടർ നടപടികൾ സ്വീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

1-16 വിനോദ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/20
വ നമ്പർ ഉത്തരവ് പ്രകാരം 100 രൂപയിൽ കുറവുള്ള സിനിമ ടിക്കറ്റു
വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദന
ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽക
ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനു
തൊട്ടടുത്ത മാസം 3-ാം തിയ്യതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ
സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക കണക്ക
വിനോദ നികുതി ഇനത്തിലെ ആകെ വരവ് 6,12,455/- രൂപയാണ്. Aura Cin
തീയേറ്ററിൽ നിന്നും 2024 മാർച്ച് മുതൽ 2025 ഫെബ്രുവരി വരെയുള്ള മാ
വിനോദനികുതി 2024-25 വർഷം പഞ്ചായത്തിൽ ഒടുക്കിയത് സംബന്ധിച്ച് താ
അപാകങ്ങളുണ്ട്.

1) 04.01.2020 തീയതിയിലെ സ.ഉ.(സാധാ) നം. 101/2020/ത.സ്വ.ഭ.വ പ്രകാരം തീയ
ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനി
പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ് വെയറിലൂടെ
നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾ
വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാ
എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. നിലവിൽ തീയേറ്റ
തയ്യാറാക്കിയ സ്റ്റേറ്റ്മന്റ് പ്രകാരമുള്ള നികുതിയാണ് അടവാക്കിയിട്ടുള്ളത്.

2) ഡെയിലി കളക്ഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അ
ഈടാക്കിയ വിനോദ നികുതിയുടെ കൃത്യത വ്യക്തമല്ല

3) വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4) മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഒരോ മാസത്തെയും വിനോ
അടുത്ത മാസം മൂന്നാം തീയതിക്ക് മുൻപ് ഗ്രാമപഞ്
അടവാക്കേണ്ടതാണെങ്കിലും എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോ
അടവാക്കിയിട്ടില്ല.

5) 31-01-2024 തീയതിയിലെ സ.ഉ.(കൈ) നം.17/2024/ തസ്വഭവ ഉത്തരവ്
വിനോദനികുതി ചോർച്ച തടയുന്നതിനായി സിനിമ തീയേറ്ററുകളിലും വിനോ
ഒടുക്കുവാൻ ബാധ്യതയുള്ള സ്ഥാപനങ്ങളിലും ചെക്കിംഗ് നടത്തുന്നതിന് ഉദ്
നിയമിക്കുവാൻ നിർദ്ദേശിച്ചിരുന്നു. വിനോദ നികുതിയുടെ കൃത്യ
വരുത്തുന്നതിനാവശ്യമായ പരിശോധന (തീയേറ്റർ ചെക്കിംഗ്) നടത
രേഖകളില്ല.
മേൽ അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻകയറി (16/13.11.2025) നൽകി

മറുപടി ലഭ്യമാക്കിയില്ല. വിനോദ നികുതി ഈടാക്കിയതിലെ ക്യ
വരുത്തേണ്ടതും മേൽ അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതുമാ

1-17 ഐ.കെ.എം വിഹിതം അടവാക്കൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.₹80,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	03/25, ഐ.കെ.എം വിഹിതം അടവാക്കൽ
അടങ്കൽ	₹80000 (വികസനഫണ്ട് ജനറൽ)
ചെലവ്	₹80000 ബിൽ നമ്പർ: 146/05-11-2024

ഐ.കെ.എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫ
വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസന
0.25% പ്രതിവർഷം ഐ.കെ.എം ന് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്
₹80000 ഐ.കെ.എം എക്സിക്യുട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത
വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. വിനിയോഗസ
ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 17/14-11-2
മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന
അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ്
₹80,000 തടസ്സപ്പെടുത്തുന്നു.

1-18 എസ് എസ് എ വിഹിതം നൽകൽ-വിനിയോഗ സാക്ഷ ഹാജരാക്കിയില്ല.₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	2/25, എസ്.എസ്.എ വിഹിതം നൽകൽ
അടങ്കൽ	₹500000 വികസന ഫണ്ട് -ജനറൽ
ചെലവ്	₹500000, 197/21-12-2024

മേൽ പ്രോജക്ട് പ്രകാരം ₹500000 സമഗ്ര ശിക്ഷ കേരളം മിഷന്റെ അക്ക
ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോ
ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (1
വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും, ആയത് ലഭ്യമാകുന്
ഹാജരാക്കുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപ
അഭാവത്തിൽ ₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 തെരുവ് വിളക്ക് റിപ്പയർ-പ്രോജക്ട് നടത്തിപ്പ് അപാക ₹1,50,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രോജക്ട് നമ്പർ / പേര്	202/25 , തെരുവ് വിളക്ക് പരിപാലനം (സ്പിൽ ഓവർ)
അടങ്കൽ	₹1,50,000(തനത് ഫണ്ട്)
ചെലവ്	₹1,50,000(തനത് ഫണ്ട്), 120/27-09-2024

തെരുവ് വിളക്ക് പരിപാലനം (AMC) പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി കെ എം, ഓഡിയോ വിഷൻ ഇലക്ട്രിക്കൽസ് , വീർപ്പാട് എന്നവരുടെ ടെണ്ടർ അംഗീകരിച്ചു മുൻ വർഷങ്ങളിൽ തുക ചെലവ് ചെയ്തിട്ടുണ്ട്. തൻ വർഷ നിർവഹണത്തിന്റെ ഭാഗമായി ബിൽ തുകയായ 150000 യിൽ നിന്നും 2% ആദാ TDS കുറവു വരുത്തിയ തുകയണ് (₹147000) കരാറുകാരനായ ശ്രീ.ജോസ് എന്നവർക്ക് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2024-25 വർഷം സ്ട്രീറ്റ് ലൈ ചെയ്തതായി രേഖപ്പെടുത്തിയ ലൈറ്റുകളുടെ എണ്ണം , തരം, ലൊക്കേഷൻ, എന്നിവയൊന്നും കരാറുകാരൻ ലഭ്യമാക്കിയതായ വിവരം ഫയലിൽ പ്രേജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ ലഭ്യമാക്കിയിട്ടില്ല.

2. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതിന്റെ വിശ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻകപയറി (19/14-11-25) നൽകി രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടേയും മറുപടിയുടേയും അഭാവത്തി യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 കാരുണ്യം പെയിൻ & പാലിയേറ്റിവ് ഹോം കെയർ - മര ലഭ്യമായിട്ടില്ല - ₹ 56,252 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി
പ്രോജക്ട് നമ്പർ/ പേര്	101/25, കാരുണ്യം പെയിൻ & പാലിയേറ്റിവ് ഹോം കെയർ
അടങ്കൽ	₹ 8,00,000 വികസന ഫണ്ട് പൊതുവിഭാഗം ₹ 4,00,000 ജില്ലാ പഞ്ചായത്ത് വിഹിതം ആകെ – ₹ 12,00,000
ചെലവ്	₹ 7,84,206 വികസന ഫണ്ട് പൊതുവിഭാഗം ₹ 3,94,901 ജില്ലാ പഞ്ചായത്ത് വിഹിതം ആകെ – ₹ 11,79,107

ഗ്രാമപഞ്ചായത്തിലെ കിടപ്പിലായ രോഗികൾക്ക് സാന്ത്വന പരിചരണം നൽക അവർക്ക് വേണ്ട ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്ന രൂപീകരിച്ചതാണ് മേൽ പ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ / ഉപ വാങ്ങുന്നതിനായി ₹2,18,159 കേരള മെഡിക്കൽ സർവീസസ് കോ

നൽകിയിട്ടുണ്ട്. ആയതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ല
രേഖകളാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്.

നൽകിയ തുക / ബിൽ നം.	പ്രൊഫോർമ ഇൻവോയിസ്	ലഭ്യമായ മരുന്നിന്റെ വില	ലഭ്യമാവാൻ ബാക്കിയുള്ള മരുന്നിന്റെ വില
2,18,159 BRN.24220552008501441560/ 06.03.2025	PRF 3986/04.03.2025 (₹ 1,43,493)	1,17,229	26,264
	PRF 3984/04.03.2025 (₹ 74,666)	44,678	29,988
ആകെ	2,18,159	1,61,907	56,252

56,252 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ ബാക്കിയുണ്ടെന്ന് ഓഡിറ്റ് പ
(6/10.11.2025) ക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ മു
ലഭ്യമായിട്ടില്ലാത്തതിനാൽ ₹ 56,252 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തന
₹ 66,443 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സൂപ്രണ്ട്, പേരാവൂർ താലൂക്ക് ആശുപത്രി
പ്രോജക്ട് നമ്പർ/ പേര്	276/25, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ 2022-23 (സ്പിൽ ഓവർ)
അടങ്കൽ	₹ 3,48,000 ഹെൽത്ത് ഗ്രാന്റ്
ചെലവ്	₹ 3,35,603

ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ ഏർ
പ്രോജക്ടിന്റ ഭാഗമായി സബ്സെന്ററുകളിലേക്ക് ബിൽ നം. 257/27.01.2025 പ്ര
Wood Arm Chair (6 എണ്ണം), Plastic Arm Chair (10 എണ്ണം), Plastic Armless Chair (20 എണ്ണം)
66,443 യ്ക്ക് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി
താഴെ പറയുന്ന അപാകങ്ങളുണ്ട്.
1)കസേരകൾ വാങ്ങുന്നതിന് പർച്ചേസിംഗ് കമ്മിറ്റി തിരുമാനം, കസേരകൾ
ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.
2)സ.ഉ (സാധാ)നം.134/2024/എസ്.പി.ഡി തീയതി 25.11.2024 പ്രകാരം സിഡ്കോ
തടി / സ്റ്റീൽ ഫർണ്ണിച്ചറുകൾ, ആശുപത്രി ഫർണ്ണിച്ചറുകൾ എന്നിവ തദ്ദേശ സ
സ്ഥാപനങ്ങൾക്ക് ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങുന്നതിന്
നൽകിയിരുന്നു. 28.05.2015 ലെ സ.ഉ.(സാ.ധാ.)നം.26/2015/എസ്.പി.ഡി. ഉത്തര
വിലനിർണ്ണയം നടത്തിയ സിഡ്കോ ഉത്പന്നങ്ങളാണ് നേരിട്ട് വാങ്ങുന്നതിന്

നൽകിയിട്ടുള്ളത്. എന്നാൽ ഉപകേന്ദ്രങ്ങളിലേക്ക് വാങ്ങിയ പ്ലാസ്റ്റിക് ചെയറുക
ഉത്തരവിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉത്തരവിൽ അനുബന്ധമായി ചേ
സിഡ്കോ ഉല്പന്നങ്ങൾ ഒഴികെയുള്ളവ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വൽ
ടെൻഡർ/കമ്പാരിസൺ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്
മേൽ പറഞ്ഞ ഇനം വാങ്ങിയപ്പോൾ കമ്പാരിസൺ നടപടിക്രമങ്ങൾ പാലിച്ചി
അപാകങ്ങൾ സംബന്ധിച്ച് 9/10.11.2025 പ്രകാരം ഓഡിറ്റ് എൻകമ്പയറി നൽ
മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്ക് മറുപടിയും
ലഭ്യമാക്കാത്തതിനാൽ ₹ 66,443 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല-₹2,00,000 യുടെ ചെലവ
തടസ്സപ്പെടുത്തുന്നു.

